**"ഭരണഭാഷ – മാതൃഭാഷ"**

**സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ: എച്ച്.ദിനേശൻ.ഐ.എ.എസ്)**

ഉത്തരവ് നം. SJD/3528/2021-E1

തിരുവനന്തപുരം,
തീയതി. 21-12-2023

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III - തസ്തികയിൽ ജീവനക്കാർക്ക് സ്ഥാനക്കയറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :

1. സ.ഉ.(അച്ചടി) നം.10/2019/സാ.നീ.വ തീയതി.21/10/2019
2. സ.ഉ.(സാധാ) നം.6/2021/സാ.നീ.വ തീയതി.15/02/2021
3. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 17/06/2020ലെ SJD/2166/ 2020-E3 നമ്പർ നടപടിക്രമങ്ങൾ
4. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 18/08/2022ലെ SJD/2142/2022-E3 നമ്പർ നടപടിക്രമങ്ങൾ
5. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 27/04/2020ലെ SJD/941/2020-E9 നമ്പർ നടപടിക്രമങ്ങൾ
6. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 09/12/2023ലെ SJD/1967/2022-E1 നമ്പർ നടപടിക്രമങ്ങൾ

സാമൂഹ്യനീതിവകുപ്പിൽ സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III യുടെ 3 സ്ഥിരം തസ്തികയാണ് നിലവിലുള്ളത്. പരാമർശം 6 പ്രകാരം സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് II തസ്തികയിലേയ്ക്ക് സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III തസ്തികയിൽ നിന്നും 2 ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേന 2 ഒഴിവുകൾ നിലവിൽ വരുകയുണ്ടായി. ഈ രണ്ട് ഒഴിവുകളിലേയ്ക്ക് സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III യുടെ വിവിധ ഫീഡർ കാറ്റഗറി തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഉദ്യോഗക്കയറ്റം അനുവദനീയമാണ്.

സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III യുടെ അഞ്ച് ഫീഡർ വിഭാഗങ്ങളിലായി ആകെ 17 തസ്തികകളാണ് നിലവിലുള്ളത്. കാറ്റഗറി (10) - മേട്രൻ ഗ്രേഡ്-1 ന്റെ 13 തസ്തികകൾ നിലവിലുണ്ട്. കാറ്റഗറി (7)-സോഷ്യൽ എജ്യുക്കേഷൻ അസിസ്റ്റന്റ്-1, കാറ്റഗറി (8) - നഴ്സറി ടീച്ചർ-1, കാറ്റഗറി (9) സീനിയർ ഇൻസ്ട്രക്ടർ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ-1 എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. കാറ്റഗറി (11) - ഹൗസ് മാസ്റ്റർ-1 തസ്തികയിൽ ശ്രീ.ഗംഗാധരൻ.കെ.സി പരാമർശം (4) പ്രകാരം 20/09/2022 ൽ സേവനത്തിൽ പ്രവേശിക്കുകയുണ്ടായി. മേട്രൻ ഗ്രേഡ്-I തസ്തികയുടെ അന്തിമ സീനിയോറിറ്റിലിസ്റ്റ് പരാമർശം (5) പ്രകാരം 27-4-2020-ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഹൗസ് മാസ്റ്റർ തസ്തികയിലെ ജീവനക്കാരൻ 20-9-2022-ൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ, ടി ജീവനക്കാരനെ ജൂനിയറായി പരിഗണിച്ച് സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III യുടെ രണ്ട് ഒഴിവുകളിലേയ്ക്ക് പരാമർശം (5) സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും മേട്രൻ ഗ്രേഡ് I തസ്തികയിൽ നിരീക്ഷണകാലം പൂർത്തികരിച്ചതുമായ യോഗ്യരായ 2 ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദനീയമാണ്.

ഈ സാഹചര്യത്തിൽ നിലവിലുള്ള സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ്-III തസ്തികയുടെ 2 ഒഴിവുകളിലേയ്ക്കും പരാമർശം (5) സീനിയോറിറ്റി ലിസ്റ്റിലെ ക്രമ.നമ്പർ 3, 4 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാർക്ക് കെ.എസ്&എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം രൂപ 39300-83000 ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി അവരവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>സ്ഥാനക്കയറ്റം</u>

I/133394/2023

| ക്രമ നം | ജീവനക്കാരുടെ പേര് തസ്തിക നിലവിൽ സേവനമനുഷ്ഠിയ്ക്കുന്ന കാര്യാലയം | സ്ഥാനക്കയറ്റ നിയമനം അനുവദിയ്ക്കുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.ആസ്യാമ്മ.ഇ.എ,<br>പെൻ നമ്പർ: 363416<br>മേട്രൻ ഗ്രേഡ് I,<br>ഗവ. വൃദ്ധസദനം, കാസർഗോഡ്. | സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III,<br>ഭിന്നശേഷി സദനം (വനിത),<br>പൂജപ്പുര, തിരുവനന്തപുരം. |
| 2. | ശ്രീമതി.ബിന്ദു.എസ്,<br>പെൻ നമ്പർ:672089<br>മേട്രൻ ഗ്രേഡ് I,<br>ഗവ.ആശാഭവൻ (സ്ത്രീകൾ),<br>തിരുവനന്തപുരം. | സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിട്യൂഷൻ ഗ്രേഡ് III,<br>ഗവ.വയോജന പകൽ പരിപാലന കേന്ദ്രം,<br>പൂജപ്പുര, തിരുവനന്തപുരം. |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ടപ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും, പ്രവേശനകാലത്തിനും, യാത്രാബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്.

ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിയ്ക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ട് കാര്യാലയ മേധാവികൾ ഈ കാര്യാലയത്തിൽ അയച്ചു തരേണ്ടതുമാണ്.

എച്ച്.ദിനേശൻ.ഐ.എ.എസ്
സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2. ബന്ധപ്പെട്ട ജില്ല സാമൂഹ്യനീതി ഓഫീസർമാർക്ക്
3. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
4. സൂപ്രണ്ട് എഫ് സെക്ഷൻ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
5. സ്റ്റോക്ക് ഫയൽ/സ്പെയർ

Signed by H Dineshan
Date: 21-12-2023 13:25:34